LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള വ്യാപാരികളെ കണ്ടെത്തുകയും അത്തരക്കാരുടെ വാഹനങ്ങൾ ചെക്ക്പോസ്റ്റിൽ തടഞ്ഞുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും. റവന്യൂ റിക്കവറി കേസുകളിൽ ഇകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള Unconditional Stay ഉത്തരവുകൾ വെക്കേറ്റ് ചെയ്യ സാഹചര്യത്തിൽ അതിൽ ഉൾപ്പെട്ട ഇകകൾ പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തും. നികുതി കുടിശ്ശിക വരുത്തിയ വ്യാപാരികൾക്ക് ഓൺലൈൻ സേവനങ്ങൾ നിർത്തിവയ്ക്കും. പുതുതായി രൂപീകരിച്ച ഇക്കണോമിക് ഇന്റലിജൻസ് വിംഗിന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കും. വിവിധ കേന്ദ്ര വകുപ്പുകളിൽനിന്നും യഥാസമയം ഡേറ്റാ ഷെയറിംഗ് ഓൺലൈനായി ലഭ്യമാക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ റിട്ടേണിന്റെ നിജസ്ഥിതി തിട്ടപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. രജിസ്ട്രേഷൻ വകുപ്പിൽ Under valuation കേസുകളിൽ കുടിശ്ശിക ഉണ്ടായിരുന്ന ഇക പിരിച്ചെടുക്കുവാനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തിവരുന്നു. വാഹന നികുതി വകുപ്പിൽ എൻഫോഴ്സ്മെന്റ് കൂടുതൽ ശക്തിപ്പെടുത്താനായി പുതിയതായി 17 സ്ക്വാഡുകൾ ആരംഭിച്ചു. കൂടാതെ ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. അബ്കാരി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ "ആംനെസ്റ്റി സ്കീം" നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കൈത്തറി ഉൽപ്പന്നങ്ങളുടെ ടേണോവർ ടാക്സ് ഒഴിവാക്കാൻ നടപടി

133 (7969) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ കൈത്തറി തുണികൾക്കോ കൈത്തറി വസ്ത്രങ്ങൾക്കോ ടേൺ ഓവർ ടാക്സ് ചുമത്തുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നിവേദനങ്ങളുടെയടിസ്ഥാനത്തിലും പരമ്പരാഗത കൈത്തിറി മേഖലയിലെ പ്രതിസന്ധികൾ പരിഗണിച്ചും ടേൺ ഓവർ ടാക്സ് ചുമത്തുവാനുള്ള തീരുമാനം പിൻവലിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) 2014-15 വർഷത്തെ ബഡ്ജറ്റ് ഖണ്ഡിക 343 പ്രകാരം ഒരു കോടി രൂപയ്ക്ക് മേൽ ടെക്സ്റ്റയിൽസ് ഇനങ്ങളുടെ വിറ്റവരവുള്ള വ്യാപാര സ്ഥാപനങ്ങളുടെ റെഡിമെയ്ഡ് ഒഴികെയുള്ള ടെക്സ്റ്റയിലുകളുടെ വിറ്റവരവിന്മേൽ 2 ശതമാനം ടേണോവർ ടാക്സ് ചുമത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൽ ഒരു കോടി രൂപയ്ക്ക് മേൽ ഉണിത്തരങ്ങളിൽ വിറ്റവരവുള്ള വ്യാപാരികൾക്ക് 2 ശതമാനം വിറ്റവരവ് നികുതി (ടേണോവർ ടാക്സ്) ഏർപ്പെടുത്താൻ വ്യവസ്ഥ ചെയ്യുന്നതിന് 6 എ എന്ന വകുപ്പ് കേരള ധനകാര്യ ബിൽ 2014-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നികുതി ഉപഭോക്താക്കളിൽനിന്നും പിരിക്കാതെ വ്യാപാരികൾ അവരുടെ ലാഭത്തിൽ നിന്നുമാണ് അടയ്ക്കേണ്ടത്.

(സി) കൈത്തറി ഉണിത്തരങ്ങൾക്ക് ടേൺ ഓവർ ടാക്സ് പിൻവലിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് സംവിധാനം

134 (7970) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഓൺലൈൻ വ്യാപാരം നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്നകാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) നിരീക്ഷണവും നിയന്ത്രണവും വഴി സംസ്ഥാനത്തിന് നികുതി വരുമാന വർദ്ധനവ് എത്ര മാത്രം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?